I/98140/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 23-08-2023

പ്രേഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ &
ജില്ലാ കലക്ടർ
ഇടുക്കി

സർ/മാഡം,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - സർക്കാർ പൊതു അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അവധി നൽകുന്നത് സംബന്ധിച്ചുള്ള സ്പഷ്ടീകരണം നൽകുന്നത് – സംബന്ധിച്ച്.

സൂചന: താങ്കളുടെ ഓഫീസിൽ നിന്നുള്ള 26.07.2023 ലെ 1632/22/MGNREGS/IDK നമ്പർ കത്ത്

സംസ്ഥാന സർക്കാർ പൊതു അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് അവധി നൽകണമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുള്ള കത്ത് സൂചന പ്രകാരം ലഭിച്ചിട്ടുണ്ട്.

സർക്കാരിന്റെ ഒരു തൊഴിൽദാന പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി. അതിൽ പൊതുഅവധി ദിവസം എന്നൊരു സങ്കല്പം ഇല്ല. തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക II, ഖണ്ഡിക 21 പ്രകാരം ഒരാഴ്ചയിൽ തുടർച്ചയായി 6 ദിവസത്തിൽ കൂടുതൽ പ്രവൃത്തി എടുപ്പിക്കരുത് എന്നുമാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് ആഴ്ചയിൽ ഒരുദിവസം അവധി അനുവദിക്കേണ്ടതാണ്. ആയത് പ്രാദേശികമായ പ്രത്യേകതയും തൊഴിലാളികളുടെ സൗകര്യവും പരിഗണിച്ചാണ് നിലവിൽ തീരുമാനിക്കുന്നത്. സർക്കാർ അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ തൊഴിലുറപ്പപദ്ധതി നിർത്തിവയ്ക്കാൻ ആവശ്യപ്പെടുന്നത് ഉചിതമായിരിക്കില്ല. നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തൊഴിൽ നല്കുന്നതിനും തൊഴിലാളികൾ ക്ക് 100 ദിവസത്തെ തൊഴിൽ ലഭിക്കുന്നതിനും അത് തടസ്സമായി വന്നേക്കും. മാത്രവുമല്ല അതിനകം ഇഷ്യൂ ചെയ്തിട്ടുള്ള മസ്റ്റർ റോൾ പ്രകാരം തൊഴിൽ തുടർച്ചയായി ചെയ്യുന്നതിനും അത് തടസ്സം സൃഷ്ടിക്കുകയും ചെയ്തേക്കാം. മേൽക്കാര്യങ്ങൾ പരിശോധിച്ച് പ്രാദേശികമായി അതാത് സ്ഥലത്തെ സാഹചര്യങ്ങൾക്ക് അനുസൃതമായി പൊതു അവധിദിവസങ്ങളിലും അപ്രതീക്ഷിതമായി ഉണ്ടാകുന്ന അവധി ദിവസങ്ങളിലും തൊഴിലുറപ്പ് തൊഴിലാളികൾക്ക് അവധി നല്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Nizamudeen A I A S
Date: 23-08-2023 16:18:21
MISSION DIRECTOR

I/98140/2023